(ബി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇത്തരത്തിൽ ജോലി നോക്കുന്ന എത്ര താല്ക്കാലിക അദ്ധ്യാപകരാണ് സർക്കാർ മേഖലയിലുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പ്ലസ് ടു സ്കൂൾ അനുവദിച്ച ഉത്തരവിൽ ഗസ്റ്റ് അദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നടപ്പ് അദ്ധ്യയനവർഷം അനുവദിച്ച സ്കൂളുകളിൽ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയായി വരുന്നതേയുള്ളൂ. ആയത് പൂർത്തിയാവുന്ന മുറയ്ക്ക് മാത്രമേ താല്ക്കാലിക അദ്ധ്യാപകരുടെ എണ്ണം തിട്ടപ്പെടുത്താനും അവർക്ക് വേതനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും കഴിയുകയുള്ളൂ.

കായിക രംഗത്ത് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കോതമംഗലത്തെ വിദ്യാലയങ്ങൾക്ക് കൂടുതൽ സഹായം

47 (1083) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സ്കൂൾ -കോളേജ് കായിക മേളകളിൽ മികച്ച നിലവാരം പുലർത്തുന്ന കോതമംഗലത്തെ സെന്റ് ജോർജ് എച്ച്.എസ്.എസ്.-മാർ ബസേലിയോസ് എച്ച്.എസ്.എസ്.-മാർ അത്തനേഷ്യസ് കോളേജ് എന്നിവയ്ക്ക് വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം പ്രത്യേക ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) കായിക രംഗത്ത് മികച്ച താരങ്ങളെ വാർത്തെടുക്കുന്ന ഈ മൂന്ന് കലാലയങ്ങൾക്കും അർഹിക്കുന്ന അംഗീകാരവും കൂടുതൽ സഹായങ്ങളും നൽകുന്ന കാര്യം പരിഗണിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സ്കൂൾ കായികമേളകളിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന മൂന്ന് സ്കൂളുകൾക്ക് യഥാക്രമം 1,10,000, 82,500, 55,000 എന്നീ ക്രമത്തിൽ ക്യാഷ് അവാർഡ് പൊതുവിദ്യാഭ്യാസ വകുപ്പ് നൽകുന്നുണ്ട്. എന്നാൽ സംസ്ഥാന സ്കൂൾ കായികമേളയിൽ മികച്ച നിലവാരം പുലർത്തുന്ന കോതമംഗലത്തെ സെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ജോർജ് എച്ച്.എസ്.എസ്. മാർബേസിൽ എച്ച്.എസ്.എസ്. എന്നീ സ്കൂളുകൾക്ക് പ്രത്യേകമായി പൊതുവിദ്യാഭ്യാസ വകുപ്പ് മറ്റാനുകൂല്യങ്ങൾ നൽകുന്നില്ല. 'മാർ അത്തനേഷ്യസ് കോളേജിനെ' സംബന്ധിച്ച വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) വിഷയം ഇപ്പോൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലില്ല. ഉന്നതവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചുനൽകുന്നതാണ്.

ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കൽ

48 (1084) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ടി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) നയം നടപ്പാക്കുമ്പോൾ 14 വയസ്സുവരെയുള്ള വിദ്യാർത്ഥികൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പ്രൈമറി, അപ്പർ പ്രൈമറി വിദ്യാഭ്യാസം നൽകുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) 1986-ൽ നിലവിൽ വന്ന ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറ്റുകൾ രൂപീകരിച്ചു കൂടാതെ കമ്പ്യൂട്ടർ പഠനത്തിനുള്ള സൗകര്യങ്ങൾ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, പ്രീ-പ്രൈമറി വിദ്യാഭ്യാസം, എസ്.പി.ക്യു.ഇ.എം (Scheme of providing Quality Education in Madrassas), ഐ.ഡി.എം.ഐ. (Infrastructure Development in Minority Institutions), ഏരിയാ ഇന്റൻസീവ് പ്രോഗ്രാം തുടങ്ങിയ പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. പാർലമെന്റ് പാസ്സാക്കിയ വിദ്യാഭ്യാസ അവകാശ നിയമം (The Right of Children to Free and Compulsory Education Act, 2009) നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ കേരള വിദ്യാഭ്യാസ അവകാശ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് പ്രാഥമിക വിദ്യാഭ്യാസത്തിനായി 1 കിലോമീറ്റർ ചുറ്റളവിൽ ലോവർ പ്രൈമറി സ്കൂളുകളും 3 കിലോമീറ്റർ ചുറ്റളവിൽ അപ്പർ പ്രൈമറി സ്കൂളുകളും ഉറപ്പാക്കേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിനുള്ള നടപടികൾ ഘട്ടം ഘട്ടമായി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly